**ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഉപഭോക്താവിന് ഭക്ഷണ സാധനം നേരിട്ട് പരിശോധനക്ക് അയക്കാന് അവസരം:**

ഫുഡ് സേഫ്റ്റി ഓഫീസര് അല്ലാത്ത സാധാരണക്കാര്ക്കും ഭക്ഷണ സാധനങ്ങള് പരിശോധനക്ക് അയക്കാവുന്നതാണെന്ന് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 ലെ സെക്ഷണ് 40 വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഭക്ഷണ സാധനം വാങ്ങുന്ന സമയത്ത് പരിശോധനക്ക് അയക്കാനാണെന്നുള്ള വിവരം കച്ചവടക്കാരനെ അറിയിക്കേണ്ടതും പരിശോധനക്ക് ആവശ്യമായ ഫീസ് അടക്കേണ്ടതുമാണ്. പരിശോധനയില് ഭക്ഷണ സാധനം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാല് അടച്ച ഫീസ് തിരികെ ലഭിക്കുന്നതിനും നിയമത്തില് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരിശോധനാ റിപ്പോര്ട്ട് ജില്ലാ തലത്തിലുള്ള ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണര്മാര്ക്ക് ഫുഡ് അനലിസ്റ്റ് അയച്ചുകൊടുക്കുന്നതാണ്. ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാല് കച്ചവടക്കാരനെതിരെ സെക്ഷന് 42 അനുസരിച്ചുള്ള നിയമ നടപടികള് ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണര്മാര് സ്വീകരിക്കുന്നതാണ്.